## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ ഐ എ എസ് )

വിഷയം :- വനിത ശിശു വികസന വകുപ്പ് - സംസ്ഥാനത്ത് പ്രോജക്ട് തലത്തിലും, ജില്ലാ തലത്തിലും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന അങ്കണവാടികൾ കണ്ടെത്തി 2022 ലെ അവാർഡ് നൽകുന്നത് - ട്രഷറി ക്യൂവിൽ ഉൾപ്പെട്ട തുക കൊല്ലം ജില്ലക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. സ ഉ (സാധാ) നം. 215/2022/വ ശി വി വ തീയതി, 19/05/2022

2. 14/10/2022 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്

3.26/05/2023 ലെ ജില്ലാതല ഐ സി ഡി എസ് സെൽ കൊല്ലം പ്രോഗ്രാം ഓഫീസറുടെ 26/05/2023 ലെ നം. സി /1343/2022 കത്ത്

4. 24/06/2023 ലെ കൊല്ലം ജില്ല വനിത ശിശു വികസന ഓഫീസറുടെ ഓഫീസറുടെ DWCDO/KLM/315/2023-D കത്ത്

**<u>ഉത്തരവ് നം. DWCD/1211/2022 - ICDS A6 തീയതി, 08/07/2024</u>**

സംസ്ഥാനത്ത് അങ്കണവാടികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കുമാരിക്ലബുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കുമാരി ക്ലബുകളെ വർണ്ണക്കൂട്ട് എന്ന പേരിൽ പുനഃനാമകരണം ചെയ്യുവാനും വിവിധ പരിപാടികൾ സംഘടിപ്പിക്കുവാനും , മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന ക്ലബുകൾക്ക് അവാർഡ് നൽകുന്നതിനും തീരുമാനിച്ചിരുന്നു. അപ്രകാരം പുനർനാമകരണം ചെയ്യുകയും സംസ്ഥാനത്തെ കൌമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണവും ശാരീരിക മാനസിക ഉന്നമനവും ലക്ഷ്യമിട്ട് വിവിധപ്രവർത്തനങ്ങൾ നടപ്പിലാക്കിയും വരുന്നു.

ഇപ്രകാരം മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന വർണ്ണക്കൂട്ടുകളെ കണ്ടെത്തി ഐ സി ഡി എസ് പ്രോജക്ട് / ജില്ലാതലങ്ങളിൽ യഥാക്രമം 1250/-, 5000/- എന്ന ക്രമത്തിൽ അവാർഡ് നൽകുവാൻ തീരുമാനിക്കുകയും ആയതിലേക്ക് സർക്കാരിൽ നിന്നും സൂചന (1) പ്രകാരം ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം 2022 ലെ മികച്ച വർണ്ണക്കൂട്ടുകൾ തെരഞ്ഞെടുക്കുന്നതിലേക്കുള്ള അവാർഡ് തുക പരാമർശം (2) പ്രകാരം കീഴ്കാര്യാലയങ്ങൾക്ക് അനുവദിച്ച് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയ്ക്ക് ചുവടെ പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത "മികച്ച വർണ്ണക്കൂട്ട് " കൾക്ക് അവാർഡ് നൽകുന്നതിനായി അനുവദിക്കുന്ന തുകയുടെ വിശദാംശം

| ക്രമ നം | ജില്ല | പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുതല അവാർഡിനായി അനുവദിക്കുന്ന തുക (Rs.1250/- per project) | ജില്ലാതല അവാർഡിനായി അനുവദിക്കുന്ന തുക | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | കൊല്ലം | 21 | 26250 | 5000 | 31250 |

പ്രസ്തുത തുകയിൽ നിന്ന് മികച്ച പ്രവർത്തനം കാഴ്ചവച്ച വർണ്ണക്കൂട്ടുകൾക്ക് അവാർഡ് നൽകിയയിനത്തിൽ 30,000/- രൂപ വിനിയോഗിച്ചതായും ചവറ ഐ സി ഡി എസ് പ്രോജക്ടിന് ചെലവഴിക്കാൻ കഴിയാതെ അവശേഷിക്കുന്ന 1,250/- രൂപ ക്യൂ ബിൽ ആണെന്നും ചെലവഴിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം പരാമർശം (3) പ്രകാരം ലഭ്യമാവുകയുണ്ടായി.

2022-23 സാമ്പത്തിക വർഷം മാറാതെ ട്രഷറി ക്യൂവിൽ ലിസ്റ്റ് ചെയ്യപ്പെട്ട തുക 2023-24 ൽ സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്നും മാറാമെന്നും അലോട്ട്മെന്റ് ലഭ്യമായ ശേഷം ബില്ല് പുനസമർപ്പിക്കാമെന്നും ട്രഷറിയിൽ നിന്ന് അറിയിച്ചതായും ആയതിന് നോൺ പേയ്മെന്റ് സർട്ടിഫിക്കറ്റും സൂചന (4) പ്രകാരം കൊല്ലം ജില്ലവനിത ശിശു വികസന ഓഫീസർ ഹാജരാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 2022 ലെ മികച്ച വർണ്ണക്കൂട്ടുകൾ തെരഞ്ഞെടുക്കുന്നതിലേക്കുള്ള ട്രഷറിയിൽ മാറാൻ കഴിയാത്ത 1,250/- രൂപ കൊല്ലം ജില്ലക്ക് അനുവദിച്ച് ഉത്തരവാകുന്നു.

ടി 1,250/- രൂപ നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-56 (പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

തുക ചെലവഴിച്ച ശേഷം ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

ജില്ല വനിതാ ശിശു വികസന ഓഫീസർ, കൊല്ലം

പകർപ്പ് :- 

1. പ്രോഗ്രാം ഓഫീസർ, കൊല്ലം
2. ശിശു വികസന പദ്ധതി ഓഫീസർ, ചവറ
3. സൂപ്രണ്ട്, അക്കൌണ്ട്സ് സെക്ഷൻ
4. സൂപ്രണ്ട് ഐ റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്